പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2884 18/08/2017 ൽ മറുപടിയ്ക്ക്

# ചെങ്ങന്നൂർ ആഫീസിലെ റീസർവ്വേ സംബന്ധിച്ച പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പുകല്പിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്, റീസർവ്വേയ്ക്ക് മുമ്പുള്ള റെക്കോർഡുകൾ കണ്ടെത്തിയുള്ള പരിശോധന എന്നിവയും എൽ.ആർ.എം. അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ആധികൃവുമാണ് റീസർവ്വേ പരാതികളിൽ തീർപ്പുകൽപ്പിക്കുവാൻ വൈകുന്നതിന്റെ കാരണം. |
| (ബി) ചെങ്ങന്നൂർ റീസർവ്വേ ആഫീസിലെ 24/10/2013-ലെ 9827/13 നമ്പർ ശ്രീമതി.രാധമ്മ ഗോപാലകൃഷ്ണൻ വെള്ളാങ്കൂർ (ഹൗസ്) ഇടനാട്, ചെങ്ങന്നൂർ ന്റെ അപേക്ഷ തീർപ്പാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;<br>(സി) പ്രസ്തുത അപേക്ഷയിന്മേൽ എന്ന് തീർപ്പുണ്ടാക്കി നൽകുമെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) ശ്രീമതി.രാധമ്മ ഗോപാലകൃഷ്ണന്റെ അപേക്ഷയിൻമേൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലം വരട്ടാറിന്റെ പുറമ്പോക്കിൽപ്പെട്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടയ രേഖ ഇല്ലാത്തതിനാലും റീസർവ്വേ രേഖകളിൽ വരട്ടാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാലും വിശദമായ അന്വേഷണവും മുൻ റിക്കാർഡുകളുടെ പരിശോധനയും നടത്തി മാത്രമേ പരാതിയിൽ നടപടി സ്വീകരിക്കുവാനാവുകയുള്ളൂ. റിക്കോർഡുകളുടെ പരിശോധന പൂർത്തിയാക്കി ഉടൻ തന്നെ കക്ഷിയ്ക്ക് മറുപടി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ